**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**14 July 2017 / 19 Shawwal 1438 Hijira)**

# Commentary of Sura At-Tin (Ch : 95) Part -1

## സൂറ : അത്തീൻ (ചാപ്റ്റർ 95) വ്യഖ്യാനം-ഭാഗം 1

**സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം സൂറ : അത്തീൻ (ചാപ്റ്റർ 95) വ്യഖ്യാനം-ഭാഗം 1 എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുക യുണ്ടായി.**

1. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ
2. അത്തിയും ഒലിവും കൊണ്ട് സത്യം
3. സിനായ് മലയെ കൊണ്ടും സത്യം
4. നിർഭയമായ ഈ പട്ടണത്തെ കൊണ്ടും സത്യം
5. നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു.
6. പിന്നെ നാം അവരെ അധമരിൽ അധമനാക്കി മാറ്റുന്നു.
7. സത്യത്തിൽ വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും ചെയ്തവരൊഴിച്ച് അവർക്ക് അവസാനിക്കാത്ത പ്രതിഫലം ലഭിക്കുന്നതാണ്.
8. അപ്പോൾ, ഇതിനുശേഷം വിധിതീർപ്പിനെ സംബന്ധിച്ച് നിന്നെ നിഷേധിക്കുവാനെന്തുണ്ട് ?
9. അല്ലാഹു വിധികർത്താക്കളിൽ വച്ച് ഏറ്റവും നല്ല വിധികർത്താവല്ലേ ? (ഒടുവിൽ നാം പറയും : അതെ : ഞാൻ ഈ സത്യമായ യാഥാർത്ഥ്യത്തിനുള്ള സാക്ഷികളിൽപെട്ടവനാണ്) (അത്തിൻ 95 : 1-9)

മുകളിൽ പറയപ്പെട്ട വചനങ്ങളുടെ വെളിച്ചത്തിൽ, ഈ പ്രപഞ്ചത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള സകലതും മനുഷ്യന്റെ ആവശ്യപൂർത്തീകരണത്തിനു വേണ്ടിയുള്ളതാണ് എന്ന് നമുക്ക് ചിന്തിച്ചാൽ മനസ്സിലാകും. ദൈവീക വെളിപാടുകളിലൂടെ നാം മനസ്സിലാക്കുന്നു. അല്ലാഹു (ത) മനുഷ്യനെ സൃഷ്ടിച്ചത് ഏറ്റവും നല്ല നിലയിലാണെന്ന് ! അതുപോലെ നമുക്ക് മനസ്സിലാക്കാം മനുഷ്യൻ അധഃപതിച്ചാൽ മൃഗത്തെക്കാളും അധഃപതിക്കുന്നതാണ് എന്നും ! അതുപോലെ നമുക്ക് ചിന്തിച്ചാൽ മനസ്സിലാകും, അവന് ധാർമ്മികമായും ആത്മീയമായും പുരോഗതി പ്രാപിക്കുവാൻ കഴിയും, അങ്ങനെ അവന് വളരെ ഔന്നത്യമുള്ള ഇടത്തേക്ക് കടന്നുചെല്ലുവാനും ദൈവസന്നിധിയിൽ എത്തിപ്പെടാനും സാധിക്കുന്നതാണ്. അവൻ സ്വയം സമ്പൂർണ്ണനായിതീരുവാനുള്ള ശ്രമത്തിൽ വിജയിച്ചാൽ, അവൻ മനസ്സിലാക്കുന്നതാണ്, അവന് ബോധ്യപ്പെടുന്നതാണ്. അല്ലാഹു (ത) ഏകനാണെന്നും ഈ ലോകത്തും, ഈ പ്രപഞ്ചത്തിലും ഉൾക്കൊള്ളുന്നതെല്ലാം, താൻപോലും, അല്ലാഹുവിന്റേതു മാത്രമാണ് എന്നും ! അങ്ങനെ അവൻ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുവാനും അവന്റെ സാമീപ്യത്തിലെത്തിച്ചേരുവാനും കഠിനയത്നം ചെയ്യുന്നതാണ്. അല്ലാഹുവിലേക്ക് എത്തിച്ചേരുവാൻ അത്തരം കഠിനപ്രയത്നങ്ങൾ അവൻ ചെയ്യുമ്പോൾ, അവന്റെ ഹൃദയത്തിൽ അവനോടുള്ള സ്നേഹം, ആദരവ്, ഭയം ഇവ മുളച്ചുവരുന്നു. ഇത്തരം കാര്യങ്ങൾ അവനെ അവന്റെ മൃഗീയാവസ്ഥയിൽ നിന്നും അവനെ പുറത്തു കൊണ്ടു വരുകയും ധാർമ്മികവും ആത്മീയവുമായ അവസ്ഥയിൽ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. അത്തരം അവസ്ഥ അവൻ സ്വയം കണ്ടെത്തുമ്പോൾ, അവന്റെ ധാർമ്മികത അവൻ വികസിപ്പിക്കുകയും കാത്തു സൂക്ഷിക്കുകയും ചെയ്യുമ്പോൾ, അവൻ ഒരു നല്ല വ്യക്തിത്വത്തിന്റെ ഉടമയായി മാറുകയും നന്മയും ജ്ഞാനവും കൊണ്ട് പ്രവർത്തികൾ തുടരുകയും, അത്തരം പ്രവർത്തനങ്ങൾ അവന്റെ ലക്ഷ്യ പ്രാപ്തിക്ക് അവനെ സഹായിക്കുകയും ചെയ്യുന്നു. അല്ലാഹു അല്ലാതെ മറ്റാരും അവന്റെ ഹൃദയത്തെക്കുറിച്ചറിയുന്നില്ല. അല്ലാഹുവിൽ നിന്നും അവനൊന്നും മറച്ചു വെയ്ക്കുവാനുമില്ല. വിധി ദിനത്തിൽ, അല്ലാഹു (ത) തന്നെയാണ് ; ഏറ്റവും നല്ല ബുദ്ധിമാനായവൻ, ഏറ്റവും നല്ല വിധികർത്താവുമാണവൻ, അവന്റെ മേൽ അവൻ വിധി പ്രസ്താവിക്കുന്നതാണ്.

ഇനി അവന്റെ ഹൃദയത്തിൽ ആത്മാർത്ഥത ഇല്ലായിരുന്നുവെങ്കിൽ, ജനങ്ങളുടെ മുൻപിൽ നല്ലവനാകാനാണ് അവൻ നല്ല പ്രവൃത്തി ചെയ്തതെങ്കിൽ അപ്പോൾ അവന്റെ ശിക്ഷ കഠിനതരവും വേദനാജനകവുമായിരിക്കും, എന്നാൽ അവൻ അല്ലാഹുവിനോട് ആത്മാർത്ഥത പുലർത്തിയവനാണെങ്കിൽ, അവന്റെ ഹൃദയം വൃത്തിയുള്ളതും ശുദ്ധിയുള്ളതുമായിരുന്നെങ്കിൽ, അപ്പോൾ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ വീക്ഷണത്തിൽ വർദ്ധിതമാകുകയും അവന്റെ പ്രതിഫലം നല്ലതും അനന്തവുമായിരിക്കും അവനതിൽ സന്തോഷിക്കുവാനും സാധിക്കുന്നതാണ്.

അല്ലാഹു (ത) മാനവകുലത്തിന് അവരുടെ പാതകൾ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നല്കിയിരിക്കുകയാണ്. ഈ താത്ക്കാലിക ലോകത്തിലെ കാര്യങ്ങളിൽ ചേർന്ന് നിന്ന്, നമുക്ക് വേണമെങ്കിൽ, ഒരു മൃഗത്തനേക്കാൾ മോശമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ കഴിയുന്നതാണ്. അല്ലെങ്കിൽ നമുക്ക് വേണമെങ്കിൽ, ഈ ലോക ആകർഷണങ്ങളൊക്കെ തൃജിച്ച് അല്ലാഹുമായി ശക്തമായ ബന്ധം സ്ഥാപിച്ച് ജീവിക്കുവാനും സാധിക്കുന്നതാണ്. അങ്ങനെ നമുക്ക് മുന്നോട്ടുള്ള പാത തെരഞ്ഞെടുത്ത് ധാർമ്മികവും ആത്മീയവുമായ പുരോഗതി നേടി ആത്മാവിന് ആവശ്യമായ പ്രതിഫലം വിളയിച്ചെടുക്കുവാനും സാധിക്കുന്നതാണ്. അല്ലാഹുവിന് സമ്പൂർണ്ണമായി കീഴടങ്ങുന്നതിലൂടെയാണ് ധാർമ്മികതയുടെയും ആത്മീയതയുടെയും ഉന്നതപദവിയിൽ നാം എത്തിച്ചേരുന്നത്, അപ്പോൾ അല്ലാഹു (ത)) സ്വയം ഏതു സമയത്തും, ഏതു മണിക്കൂറിലും, പ്രത്യക്ഷനാകുന്നതാണ്. നാം അല്ലാഹുവിന്റെ പാശത്തെ വളരെ ശക്തിയായി മുറുകെ പിടിച്ചുകൊള്ളണം. അവന്റെ നിർദ്ദേശങ്ങളെ നാം പിന്തുടരണം, അവന്റെ മാർഗ്ഗദർശനത്തെ നാം വിടാതെ പിന്തുടരണം, അങ്ങനെ ആയാൽ അല്ലാഹു നമ്മിൽ സംപ്രീതനാകും. നാമും അവനിൽ സംതൃപ്തരായി തീരും

മനുഷ്യന് മൃഗത്തെക്കാൾ ഉയർന്ന പദവി നല്കിയിരിക്കുന്നു. മനുഷ്യന് ചിന്താശേഷിയുണ്ട്. അവന് തീരുമാനങ്ങൾ എടുക്കുവാനുള്ള കഴിവുണ്ട് . മറിച്ച് മൃഗങ്ങൾക്ക് അതിന്റെ ഇച്ഛകൾ മാത്രമാണുള്ളത് . ആയതിനാൽ മനുഷ്യൻ, അവന് ദൈവം നല്കിയ ഈ കഴിവ് ഉപയോഗിക്കേണ്ടതാണ്. അതായത്

വിവേചനശക്തി ബുദ്ധികൂർമ്മത, അതായത് മൃഗീയ വാസനകളെ ത്യജിച്ച് പുരോഗതിയുടെ പാതതെരഞ്ഞെടുത്ത് ഒടുവിൽ പരിശുദ്ധിയുടെയും ധാർമ്മികതയുടെയും ആത്മീയതയുടെയും പദവിയിലേക്ക് എത്തിച്ചേരുക. ഈ അവസ്ഥ ഒരു സെക്കന്റ് കൊണ്ടോ ഒരു മിനിട്ട് കൊണ്ടോ അല്ലെങ്കിൽ ഒരു ദിവസം കൊണ്ടോ നേടാവതല്ല. ഈ നടപടി അനുസ്യൂതം തുടരേണ്ടതാണ്. കുറെശ്ശയായി, ദൈവീക സാന്നിധ്യത്തെക്കുറിച്ചുള്ള ബോധം ആർജ്ജിക്കുക. അങ്ങനെ അശേഷം സംശയമില്ലാതെ അവനിലെ വിശ്വാസം ദൃഢികരിപ്പിക്കുക. അവന്റെ വിധിനിർണ്ണയത്തിൽ ദൃഢജ്ഞാനം നേടി അല്ലാഹു തീർച്ചയായും നിസ്തുല്യനായ ഒരുവൻ തന്നെ എന്ന സത്യത്തിൽ എത്തിച്ചേരും.

ചിന്താശേഷി, ഗ്രഹണശക്തി, ഇവ അല്ലാഹുവിന്റെ ഒരു വരദാനമാണ്. അതുകൊണ്ടാണ് നാം ശരിയും തെറ്റും തിരിച്ചറിയുന്നത്. അല്ലാഹു (ത) വിശുദ്ധഖുർആനിൽ നല്കിയിരിക്കുന്ന കല്പനകൾ ഗ്രഹിക്കുവാൻ കഴിയുന്നത് അങ്ങനെയാണ്. പ്രസ്തുത ഖുർആനിലൂടെ അല്ലാഹു (ത) നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ബുദ്ധിശക്തിയെയും അറിവിനെയും ഉപയോഗിപ്പെടുത്തിയാൽ, അല്ലാഹുവിന്റെ കല്പനകൾ നമുക്ക് മനസ്സിലാക്കുവാൻ വഴിയൊരുക്കുന്നു. സമ്പൂർണ്ണമായ ഈ അധ്യാപനങ്ങൾ അനുസരിച്ച് നമുക്ക് മുന്നേറുവാൻ കഴിയുന്നതാണ്.

ഈ സൂറത്തിന്റെ സത്ത ഇതിലെ 5 മുതൽ 9 വരെയുള്ള വചനങ്ങളിൽ നമുക്ക് കണ്ടെത്തുവാൻ കഴിയുന്നതാണ്. 4 പരിശുദ്ധ അടയാളങ്ങളെ കൊണ്ട് സത്യം ചെയ്താണ് ഇത് സമർപ്പിക്കുന്നത്. അതായത് അത്തി, ഒലിവ്, സിനായ്പർവ്വതം, പരിശുദ്ധമക്ക പട്ടണം, ഒന്നാമത്തെ അടയാളമായ അത്തിയുടെ വ്യാഖ്യാനം ഇപ്രകാരമാകുന്നു.

## 1. അത്തിയും ഒലിവും കൊണ്ടു സത്യം

a) അത്തി : - അത്തി എന്ന വാക്ക് നാം പരിശോധിച്ചാൽ പദാർത്ഥത്തിൽ അത് അത്തിപ്പഴം എന്നുപറയാവുന്നതാണ്. മറ്റൊരർത്ഥം അത്തിപ്പഴം കായ്ക്കുന്ന മരം. പ്രസ്തുത അടയാളം അതായത് അത്തി മനുഷ്യന്റെ വിവിധങ്ങളായ വിധിയെ പ്രതിനിധാനം ചെയ്യുന്നതാണ്. ഇതിനെ നല്ലനിലയിൽ സംര

ക്ഷിച്ചാൽ, അത് നല്ല നിലയിൽ വളരുന്നതാണ്. അപ്പോൾ അതിൽ നിന്ന് ഏറ്റവും നല്ല ഫലങ്ങൾ ലഭ്യമാകുന്നതാണ്. മറ്റുഫലങ്ങളെ അപേക്ഷിച്ച് നല്ല മധുരതരവും പോഷക സമൃദ്ധവുമായിരിക്കും.

ഇതിന്റെ ഫലം (അത്തിയുടെ) കാട്ടിലാണെങ്കിൽ, അല്ലെങ്കിൽ സംരക്ഷിതമല്ലെങ്കിൽ, അതിന്റെ വിത്ത് വളരെ ചെറുതായിരിക്കും, അപ്പോൾ അനേകം കൃമികീഡങ്ങൾ അതിനെ ആക്രമിക്കാം. ഇതുപോലെ മനുഷ്യനും ഒരു നല്ല അന്ത്യം അവന് സ്വയം നിർമ്മിക്കുവാൻ സാധിക്കുന്നതാണ്. അവനിലുള്ള നന്മയെ എങ്ങനെ പരിപോഷിപ്പിക്കണമെന്ന് അവനറിയാമെങ്കിൽ ! എന്നാൽ അവൻ അവനിലുള്ള എല്ലാ മോശമായതിനെയും പരിപോഷിപ്പിക്കുകയാണെങ്കിൽ, അവൻ വളരെ വൃത്തികെട്ട ഒരു ജന്തുവായി മാറുന്നു. അവന്റെ അവസ്ഥ ക്ഷയിക്കുന്നു. അങ്ങനെ അവൻ മൃഗത്തേക്കാൾ അധഃപതിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ അവനേക്കാൾ എത്രയോ ഭേദമാണ് മൃഗം !

ഈ പാഠം ജനങ്ങളെ പഠിപ്പിക്കുന്നതായിനായി ഈസ(അ) ഒരു അത്തിമരത്തെ ശപിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു പ്രസ്തുത അത്തി മരത്തിന് ഇലകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഫലങ്ങൾ ഉണ്ടായിരുന്നില്ല (മത്തായി 21 : 18-20)

b) ഒലിവിനെ കൊണ്ട് സത്യം ഒലിവ് ഒരു പരിപാപനമായ അടയാളമാകുന്നു. വിശുദ്ധഖുർആൻ അധ്യായം 23 ൽ സൂറ : അൽ മുഅ്മിനൂനിൽ 21-ാം വചനത്തിൽ അല്ലാഹു (ത) അത്തരം ഫലങ്ങളുടെ വളർച്ചയെ സിനാപർവ്വതത്തിൽ സാധ്യമാക്കി തീർത്തിരിക്കുന്നു. (അതായത് ഒലിവ് മരത്തിന്റെ ഫലങ്ങൾ) അതിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്നത് ഏറ്റവും നല്ല എണ്ണയാണ്, അതിന് പ്രത്യേകമായ രുചിയും മണവുമുള്ളതാകുന്നു.

സൂറാ : അന്നൂറിൽ (അധ്യായം 24 വചനം 36) അല്ലാഹു (ത) ഉപമാരൂപത്തിൽ വർണ്ണിക്കുന്നു. ദൈവീക പ്രകാശത്തെ ഒലിവ് എണ്ണയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. അതിന്റെ ഫലത്തെയും അങ്ങനെ തന്നെ ! അതിന്റെ എണ്ണ പ്രശോഭിതമായഒരു നക്ഷത്രം പോലെയും ! അതിന്റെ

പ്രകാശം ഒരിക്കലും മങ്ങുന്നതല്ല. അത് കിഴക്കൻ രാജ്യങ്ങളിൽ നിന്നോ പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്നോ ഉള്ളതല്ല. പ്രസ്തുത പ്രകാശത്തെ ഖുർആന്റ് പ്രകാശത്തോട് ഉപമിച്ചിരിക്കുന്നു. അത് വെളിപാടിലൂടെ ലഭ്യമായതാണ്. അത് പരിശുദ്ധ പ്രവാചകന്റെ മഹത്വത്തിലൂടെയുള്ളതണ്. ആ ഗ്രന്ഥം ഒരു വഴികാട്ടിയാണ്. അത് ഒരു കാലഘട്ടത്തിലേക്ക് മാത്രമുള്ളതല്ല. വരും കാലത്തേക്കുള്ളതുമാണ്. അത് അന്ത്യദിനം വരെ തുടരുന്നതുമാണ്. ഇതിലെ അധ്യാപനങ്ങൾ സാർവ്വദേശീയ അധ്യാപനങ്ങളാണ്. ഭൂമിയിൽ കാണുന്ന സകലതിനും പ്രായോഗികമാക്കാവുന്നതാണ്. ഇതിന്റെ പ്രകാശം എവിടെ എല്ലാം എത്തുന്നുവോ അവിടെ എല്ലാം ഇത് പ്രയോജനകരമാക്കാവുന്നതുമാണ്.

ഈ സൂറത്തിന്റെ വിശദീകരണം വളരെ ദൈർഘ്യമേറിയതാണ്. ഇൻശാ അല്ലാഹ്! ഇതിന്റെ വിശദീകരണം അടുത്ത വെള്ളിയാഴ്ച തുടരുന്നതാണ്. ഈ വിശദികരണങ്ങൾ നല്ല നിലയിൽ മനസ്സിലാക്കുവാൻ അല്ലാഹു (ത) നമ്മെ സഹായിക്കെട്ടെ ! അങ്ങനെ ആയാൽ അല്ലാഹുവിന്റെ ഉപമകളുടെ സത്ത അവൻ നമ്മെ ഖുർആനിലൂടെ പഠിപ്പിച്ച നിലയിൽ തന്നെ വിശിഷ്യാ ഈ സൂറത്തിലൂടെ മനസ്സിലാക്കുവാനും അങ്ങനെ നമുക്ക് ധാർമ്മികതയും ആത്മീയതയും സമ്പൂർണ്ണമാക്കുവാനും നമ്മെ സഹായിക്കട്ടെ ! അങ്ങനെ വരുമ്പോൾ നമുക്ക് മൃഗാവസ്ഥയിൽ നിന്നും പുറത്തു വരുവാനും കൂടുതൽ കൂടുതൽ പുരോഗതി നേടുവാനും, നമ്മുടെ ആത്മാക്കളെ സമ്പൂർണ്ണതയിലെത്തിക്കുവാനും, അങ്ങനെ അല്ലാഹുമായി മുമ്പത്തേക്കാൾ കൂടുതൽ കൂടുതൽ അടുക്കുവാനും കഴിയുന്നതാണ്. ഇൻശാ അല്ലാഹ് ആമീൻ !

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**